(ബി) സ്ഥലംമാറ്റ ഉത്തരവ് 23-10-2014-ലെ സർക്കാർ കത്ത് നമ്പർ 59329/ എസ്.സി.2/2014/പൊ.വി.വ. പ്രകാരം സ്റ്റേ ചെയ്യുകയുണ്ടായി. സ്റ്റേ പിൻവലിച്ചു കൊണ്ട് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് കൊടുത്ത 1-11-2014-ലെ 59329/എസ്.സി.2/2014/പൊ.വി.വ നമ്പർ കത്തിൽ ഇത് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) 10-9-2004-ലെ സ.ഉ.(പി) നമ്പർ 12/2004/പി ആന്റ് എ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരവും 22-5-2010-ലെ സ.ഉ.(പി) നമ്പർ77/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരവുമുള്ള മാനദണ്ഡങ്ങളാണ് പൊതുസ്ഥലം മാറ്റത്തിന് വൊക്കേഷണൽ ഹയർസെക്കന്ററിയിൽ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ക്രമക്കേടുകളോ അഴിമതിയോ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ സ്കൂളുകളും ദേശീയ വിദ്യാഭ്യാസ അവകാശനിയമവും

80 (2989) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകൾ ദേശീയ വിദ്യാഭ്യാസ അവകാശനിയമം അനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പല സ്കൂളുകളും എൽ.കെ.ജി. തലംമുതൽ പ്രവേശന പരീക്ഷ നടത്തുന്നുണ്ടെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് അറിയാമോ ;

(ഡി) സംസ്ഥാനത്തെ സ്കൂൾ ഈ നിയമം അനുസരിക്കും പ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) വിദ്യാഭ്യാസ അവകാശനിയമം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്. പ്രവേശന പരീക്ഷകൾ നടത്തുന്നത് വിദ്യാഭ്യാസ അവകാശനിയമത്തിന് വിരുദ്ധമാണ്. ഇതുൾപ്പെടെയുള്ള വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ സ്കൂളുകൾ നടപ്പിലാക്കുന്നുണ്ടോ എന്നുറപ്പുവരുത്തുന്നതിനും വിലയിരുത്തുന്നതിനുമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly